കേരള ജൈവ കർഷകസമിതി: വേരുകൾ പടരുന്ന ഒരു കൂട്ടായ്മ

ടോണി തോമസ് കിഴക്കേക്കര
(പ്രസിഡന്റ്, ജൈവ കർഷക സമിതി)

ആരംഭം: യശശരീരനായ ശ്രീ. സി.ആർ.ആർ.വർമയുടെയും സഹപ്രവർത്തകരുടെയും മനസിൽനിന്നും ഉരുത്തിരിഞ്ഞതാണ് കേരള ജൈവകർഷകസമിതി. വർമാജി പ്രകൃതിജീവനം എന്ന ആശയം പ്രചരിപ്പിച്ചുവരവെ നല്ല ശുദ്ധമായ ഭക്ഷണത്തിന്റെ അഭാവം പ്രകൃതിജീവനത്തെ വളരെയേറെ ബാധിക്കുന്നതായി മനസിലാക്കിയതിന്റെ വെളിച്ചത്തിൽ സമാനചിന്താഗതിക്കാരായ പല സഹൃദയരുമായി ആലോചിക്കുകയും 1927ൽ കാലടിയിൽവച്ച് കേരള ജൈവകർഷകസമിതിക്ക് രൂപംകൊടുക്കുകയും ചെയ്തു. ആദ്യമീറ്റിങ്ങിൽ 32 ആൾ പങ്കെടുക്കുകയും അംഗങ്ങളാകുകയും ചെയ്തു.

പ്രവർത്തനം: ജൈവകൃഷി വ്യാപനത്തിനായാണ് ആരംഭിച്ചതെങ്കിലും മനുഷ്യനു സമ്പൂർണസ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനപഥത്തിലാണ് കേരള ജൈവകർഷകസമിതി. സ്വതന്ത്രമനുഷ്യന്റെ അടിസ്ഥാന സ്വാതന്ത്ര്യമായ ശുദ്ധവായു, ശുദ്ധജലം, ശുദ്ധഭക്ഷണം ഇവ യഥേഷ്ടം ലഭിക്കുന്ന അവസ്ഥയും അതിന്റെ അനുബന്ധങ്ങളായി വിദ്യാഭ്യാസം, നിലനിൽക്കുന്ന സ്ഥായിയായി പ്രകൃതി, പാർപ്പിടം മുതലായവകൂടി ഉൾപ്പെട്ട സമ്പൂർണ സ്വാതന്ത്ര്യം മനുഷ്യനു ലഭിക്കണം എന്നതാണ് സംഘടനയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിന്റെ അടിത്തറ മണ്ണിനെയും ജലത്തെയും വായുവിനെയും മലിനമാക്കാത്ത കൃഷിയാണ്. അതുകൊണ്ടുതന്നെ സംഘടന ഏറ്റവും പ്രാധാന്യം നൽകുന്നത് കൃഷിക്കാണ്.

ജൈവകൃഷി: എന്താണ് ജൈവകൃഷി? ഇന്നും പൂർണമായ ഒരു ഉത്തരം നൽകുവാൻ കഴിയാത്ത ഒരു സമസ്യയാണ് ജൈവകൃഷി. ഓരോ വിഷയത്തിനും ഉത്തരം കണ്ടുപിടിച്ചുകഴിയുമ്പോൾ പല പുതിയ ചോദ്യങ്ങൾ ഉയരുന്ന ഒരു വലിയ പ്രഹേളികയാണിത്. എന്നെങ്കിലും ആർക്കെങ്കിലും ജൈവകൃഷിയുടെ പൂർണതയിൽ എത്തുവാൻ കഴിയും എന്ന വിശ്വാസം എനിക്കില്ല. എങ്കിലും നമുക്ക് കൃഷി ആരംഭിക്കുന്നതിനായി ചില അടിസ്ഥാനതത്വങ്ങൾ പാലിക്കേണ്ടതുണ്ട്.

(1) ജീവനുള്ള മണ്ണ്: ജീവനുള്ള മണ്ണിലേ ജീവനു വളരുവാനും വികസിക്കുവാനും കഴിയൂ. ഇന്ന് രാസവസ്തുക്കളും വിഷങ്ങളും കോരിച്ചൊരിഞ്ഞ് മണ്ണിന്റെ ജീവൻ നമ്മൾ അനുദിനം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജീവൻ ഒട്ടുമുക്കാലും നശിച്ചുകഴിയുമ്പോൾ ആ പ്രദേശം മരുഭൂമിയായി മാറുന്നു. മനുഷ്യന്റെ ഇത്തരം പ്രവർത്തനങ്ങളിലൂടെ മരുവൽക്കരണം ആരംഭിച്ചുകഴിഞ്ഞു പാലക്കാട് ജില്ലയിലെ അട്ടപ്പാടി മലനിരകളിൽ. എന്താണ് പരിഹാരം. മണ്ണിന്റെ ജീവൻ എന്താണ് എന്നറിയുക. ആ ജീവൻ വർധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ലക്ഷോപലക്ഷം ജീവികളും സൂക്ഷ്മജീവികളും മറ്റനേകം ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയാണ് മണ്ണ്. രാസവസ്തുക്കൾ അവയെ നശിപ്പിക്കുകയേ ഉള്ളൂ. ഈ ആവാസവ്യവസ്ഥക്ക് പ്രകൃത്യാതന്നെ ഒരു സന്തുലിതാവസ്ഥ ഉണ്ട്. ഒരു ജീവിയും ആ സന്തുലിതാവസ്ഥക്കു മുകളിലാകാതെ പ്രകൃതിതന്നെ നിയന്ത്രിച്ചുനിറുത്തുന്നുണ്ട്. ഈ ജീവികളും അവയുടെ പ്രവർത്തനങ്ങളുമാണ് മണ്ണിനെ മണ്ണാക്കി നിലനിറുത്തുന്നത്. എന്നാൽ, രാസവസ്തുക്കളുടെ ഉപയോഗം ഈ ജീവികളിൽ ചില വർഗങ്ങളെ നശിപ്പിക്കുന്നതുമൂലം ഇവയുടെ സന്തുലിതമായ ആവാസവ്യവസ്ഥ തകരുകയും മണ്ണ് മരിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. അതുകൊണ്ട് മണ്ണിന്റെ ജീവന് തകരാറ് ഉണ്ടാക്കുന്ന യാതൊന്നും മണ്ണിൽ ഇടരുത്.

(2) മണ്ണിളക്കരുത്: മണ്ണ് ഇളക്കുകയല്ല ഇളകുകയാണ് വേണ്ടത്. നമ്മൾ കൃത്രിമമായി മണ്ണിളക്കുമ്പോൾ മണ്ണിന്റെ സ്വാഭാവികമായ ഘടനയും നിലനില്പും തകരാറിലാകുന്നു. അതു മണ്ണിലെ ജീവന്റെ നാശത്തിനും മണ്ണിന്റെ വളക്കൂറും മറ്റ് ഒട്ടേറെ അംശങ്ങളും നഷ്ടമാകുകയും ചെയ്യുന്നു. ഉദാ: മഴ പെയ്യുമ്പോൾ ഇളകികിടക്കുന്ന മണ്ണിലെ ചെളിയുടെയും ക്ലേദത്തിന്റെയും ഒരുഭാഗം വെള്ളത്തിൽ ലയിച്ച് ഒഴുകിപോകുന്നു. മറ്റൊരുഭാഗം മണ്ണിലേക്കു ആഴ്ന്നിറങ്ങി മണ്ണിന്റെ വായു - ജല അറകളെ അടച്ചുകളയുന്നു. ഇതുമൂലം കുറെ വളം നഷ്ടം, വായുസഞ്ചാരത്തിനു തടസം, ജല ആഗിരണശേഷിക്കുറവ് മുതലായവ ഉണ്ടാകുന്നു. എന്നാൽ മണ്ണ് ഇളകുന്ന പ്രക്രിയയിൽ നമ്മൾ ഇടപെടാതിരുന്നാൾ മണ്ണിലുള്ള ജീവികളും ചെടികളുടെ വേരുകളും ചേർന്ന് പ്രകൃതിക്ക് ആവശ്യമായ രീതിയിൽ മണ്ണിളക്കിക്കൊള്ളും.

(3) പുതയിടുക: മണ്ണ് ഒരിക്കലും തുറന്നുകിടക്കരുത. സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നതിലൂടെ മണ്ണ് ചൂടാകുകയും അത് ചില ജീവികളുടെ നാശത്തിനും പല സൂക്ഷ്മമൂലകങ്ങൾ നഷ്ടമാകുന്നതിനും ഇടയാക്കും. മാത്രമല്ല, മണ്ണിനെ മണ്ണാക്കി മാറ്റുന്ന പ്രധാന സൂക്ഷ്മജീവികൾക്കു പ്രവർത്തിക്കുവാൻ വേണ്ട ഈർപ്പം, തണുപ്പ്, ഇരുട്ട് എന്നിവ പുതയിടുന്നതിലൂടെ ലഭിക്കും. ഈ പുത സാവധാനം അഴുകിച്ചേർന്ന് മണ്ണിന്റെ വളക്കൂറ് വർധിക്കുകയും ചെയ്യും.

(4) സൗരോർജം പിടിച്ചെടുക്കുക: സൂര്യപ്രകാശമാണ് ഭൂമിയുടെ ജീവന്റെ ആധാരം. ഭൂമിയിൽ പതിക്കുന്ന സൗരോർജത്തിന്റെ രണ്ടുശതമാനം പോലും പിടിച്ചെടുക്കുവാൻ നമുക്ക് കഴിയുന്നില്ല. ജീവനുള്ള ചെടികളിലെ പച്ചിലകൾക്കു മാത്രമെ സൗരോർജത്തെ പിടിച്ചെടുക്കുവാൻ കഴിയൂ. സൗരോർജം എത്ര കൂടുതൽ പിടിച്ചെടുക്കുന്നുവോ അത്രയും കൂടുതലായി മണ്ണിന്റെ വളക്കൂറ് വർധിക്കും. അതിനാൽ ഭൂമിയിൽ മുഴുവൻ ജീവനുള്ള ചെടികളും അവയുടെ ഇലകളും ചേർന്ന് ഒരു വിതാനം ഉണ്ടാകണം.

(5) ജലവിനിയോഗം: ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന നമുക്കാണ് ഏറ്റവും ജലക്ഷാമവും. മഴവെള്ളം മുഴുവനും പിടിച്ചെടുക്കണം. മേൽമണ്ണിലൂടെ ഒരു തുള്ളിവെള്ളംപോലും ഒഴുകരുത്. മഴവെള്ളം മുഴുവൻ മണ്ണിൽതാഴ്ന്ന് ഉറവയായി മാത്രമേ ഒഴുകാവൂ. ഇത് മണ്ണിലെ ജലവിതാനത്തെ ഉയർത്തുകയും ഈർപ്പം നിലനിർത്തുകയും ചെയ്യും. പക്ഷേ, മണ്ണിലെ ജൈവാംശം നഷ്ടപ്പെട്ടാൽ ആ മണ്ണിനു ജലത്തെ ആഗിരണം ചെയ്യുവാനുള്ള കഴിവും നഷ്ടപ്പെടും. അതുപോലെതന്നെ ചെടികൾക്ക് ഈർപ്പം മാത്രമേ വേണ്ടൂ. ജലം ചെടികളുടെ ചുവട്ടിൽ കെട്ടിനിറുത്തരുത്. അതു ചെടികൾക്ക് വേരുകളിലൂടെയുള്ള ശ്വസനത്തെ തടസപ്പെടുത്തും.

(6) ജൈവവൈവിധ്യം: ഏകവിള തോട്ടങ്ങൾ ഒരേരീതിയിലുള്ള മൂലകങ്ങളെ എടുക്കുന്നതുമൂലം ഏകവിള കൃഷിചെയ്യുന്ന പ്രദേശങ്ങളിൽ സാവധാനം ഫലപുഷ്ടി നഷ്ടപ്പെടും. കീടരോഗബാധകൾ വർധിക്കുകയും ചെയ്യും. കൃഷിയിടം ഒരു വനത്തെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ജൈവവൈവിധ്യത്താൽ സമ്പുഷ്ടമായിരിക്കണം.

(7) തീയിടരുത്: തീയിടുന്നതിലൂടെ ചെടികൾ പിടിച്ചെടുത്ത സൗരോർജമാണ് നഷ്ടമാകുന്നത്. മാത്രമല്ല ഒട്ടേറെ സൂക്ഷ്മജീവികളുടെ നാശത്തിനും കാരണമാകും.

അന്തരീക്ഷ വാതകങ്ങളുടെ സന്തുലിതാവസ്ഥയിലും വ്യതിയാനങ്ങൾ ഉണ്ടാകും. മേല്പറഞ്ഞ അടിസ്ഥാന തത്വങ്ങളിലൂന്നി നിന്നുകൊണ്ട് ജൈവകൃഷി പ്രയോഗതയിൽ നടപ്പിലാക്കുകയാണ് കേരള ജൈവകർഷകസമിതി. പ്രായോഗികത കടലാസുകളിൽ ഒതുക്കുക അസാധ്യമാണ്. അതു കർഷകരുടെ അനുഭവങ്ങളിൽനിന്നു ലഭ്യമാകുന്നതും പരസ്പരവിനിമയത്തിലൂടെ മറ്റുള്ളവരിലേക്കു പകരുകയും അങ്ങനെ കാർഷിക അറിവുകൾ വർധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനായി സമിതി ഗ്രാമതലങ്ങളിലും ജില്ലാതലങ്ങളിലും എല്ലാ വർഷവും കൂടിച്ചേരലുകൾ നടത്തുന്നു. ഇതിനുപുറമെ സമിതിയിലെ അനുഭവപരിചയമുള്ള കർഷകർ മറ്റ് സ്ഥലങ്ങളിലും ക്ഷണിക്കപ്പെടുന്നതനുസരിച്ചുപോയി ചർച്ചാക്ലാസുകൾക്കു നേതൃത്വം കൊടുക്കുന്നു. ഇത്തരം അറിവുകൾ ക്രോഡീകരിക്കുന്നതിനായി ഓരോ വർഷവും ഓരോ സംസ്ഥാനതല സംഗമവും നടത്തുന്നു.

പരിസ്ഥിതി സംരക്ഷണത്തിനായി സമിതി മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കുപുറമെ ഒരു കണ്ടൽകാട് സംരക്ഷണ പദ്ധതി നടത്തുന്നുണ്ട്. തീരപ്രദേശങ്ങളിലെ ഇന്നത്തെ അശാസ്ത്രീയ വികസനപ്രവർത്തനങ്ങൾ ഒട്ടേറെ കണ്ടൽകാടുകൾക്കു നാശം വരുത്തിക്കഴിഞ്ഞു. അതിനെതിരേ സമിതി ബോധവൽക്കരണം നടത്തുകയും, സമാനചിന്താഗതിക്കാരായ വ്യക്തികളുടെ സഹകരണത്തോടെ പയ്യന്നൂരിൽ കുറച്ച് കണ്ടൽകാടുകൾ വാങ്ങി തദ്ദേശവാസികളുടെ സംരക്ഷണത്തിൽ നിലനിർത്തുകയും ചെയ്യുന്നുണ്ട്.

സമിതിയുടെ ആശയങ്ങൾ ജനമനസുകളിൽ എത്തിക്കുന്നതിനായി ഒ.ഇ.ഒ.എൽ. എന്ന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഒരു മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. 'ജൈവകർഷക പ്രകൃതി' എന്നാണ് മാസികയുടെ പേര്.

യുവമനസുകളിൽ നാളത്തെ തലമുറക്കു ജീവിക്കുന്നതിനായി ഈ ഭൂമി നിലനിൽക്കേണ്ടതിന്റെ ആവശ്യകത എത്തിക്കുന്നതിനായി എല്ലാ ജില്ലകളിലും ഹൈസ്കൂൾ, കോളജ് കുട്ടികൾക്കായി പരിസ്ഥിതി ക്യാമ്പുകൾ ഈ വർഷം മുതൽ നടപ്പിലാക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഇതിനുപുറമെ മുതിർന്നവർക്കും വന സഹവാസക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

കേരളത്തിൽ ഏതാണ്ട് മൂവായിരത്തോളം ജൈവകർഷകർ ഉണ്ട് എന്നറിവായിട്ടുണ്ട്. പക്ഷേ, തങ്ങൾക്ക് അനുഭവങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ മറ്റുള്ളവർക്കും പകർന്നുനൽകുവാനായി വളരെ ചുരുക്കം കർഷകരേ തയാറാകുന്നുള്ളൂ എന്നത് വളരെ സങ്കടകരമാണ്. നിലനിൽപിന്റെ അനിവാര്യത - ആ യുദ്ധം കൂടുതൽ മനസുകളിൽ എത്തിക്കുവാൻ, അതിനായി ഒന്നിക്കുവാൻ കൂടുതൽ മനസുകൾ നാളെ അണിചേരും എന്ന പ്രതീക്ഷയിലാണ് ഞങ്ങൾ.

കേരള ജൈവ കർഷക സമിതി
7-ാം സംസ്ഥാന സമ്മേളനം

1999 ഏപ്രിൽ 16,17,18 തീയതികളിൽ തൃശൂരിൽ കോണത്തുകുന്നിൽ വച്ച് നടത്തുന്നു.

16-ന് 3.00 P.M ജൈവകൃഷിയുടെ അടിസ്ഥാന തത്വങ്ങൾ (കെ.വി. ദയാൽ തുടക്കക്കാർക്കുവേണ്ടി)
6.00 P.M ആരംഭ മീറ്റിംഗ്.
അധ്യക്ഷൻ - കെ.ബഷീർ (പ്രസിഡന്റ്)
വർമ്മാജി അനുസ്മരണം
സ്വാഗതം - പി. ഇന്ദുശേഖരൻ (വിസ്താസ്)
റിപ്പോർട്ട് - ടോണി തോമസ് (സെക്രട്ടറി)
7.00 P.M ഗ്രൂപ്പ് ചർച്ച - (ജലവിനിയോഗം, പച്ചക്കറി, നെല്ല്, പറമ്പുകൃഷി, നാണ്യവിളകൾ)
8.30 P.M ഭക്ഷണം
9.00 P.M ഗ്രൂപ്പ് ചർച്ച തുടരുന്നു
17-ന് 8.00 A.M പരിചയപ്പെടൽ - ശേഷം ഗ്രൂപ്പ് ചർച്ച; വിശദീകരണവും ചർച്ചയും
1.00 P.M ഭക്ഷണം
2.00 P.M കൃഷിയിലെ നാട്ടറിവ് (ഡോ. സി.ആർ.രാജഗോപാലൻ)
4.00 P.M കാപ്പി
4.30 P.M കൃഷി ദർശനം ഡോ.എൻ.മിനിരാജ്
6.00 P.M അനുഭവങ്ങൾ പങ്കുവയ്ക്കൽ, ഭാവി പരിപാടികൾ ചർച്ച
18-ന് 8.00 അനുഭവങ്ങൾ, വിത്തുകളുടെ കൈമാറ്റം

കോണത്തുകുന്നിൽ പി. ഇന്ദുശേഖരന്റെ ഫോൺ (0488) 862627.